# എഴുത്തുകാരും മാദ്ധ്യമങ്ങളും

**വാസുദേവ് പുളിക്കൽ**

എഴുത്തുകാർ എന്ന് ഇവിടെ ഉദ്ദേശിക്കുന്നത് കേരളത്തിലും കേരളത്തിന് പുറത്തുമുള്ള അസംഖ്യം വരുന്ന എഴുത്തുകാരേയല്ല. അമേരിക്കൻ മലയാളി എഴുത്തുകാരേയും മാദ്ധ്യമങ്ങളേയും കുറിച്ച് ഒരു ലഘു പ്രതിപാദ്യം മാത്രമെ ഉദ്ദേശിക്കുന്നുള്ളു. സർഗ്ഗധനന്മാരായ നിരവധി എഴുത്തുകാർ അമേരിക്കയിൽ ഉള്ളതുകൊണ്ട് അമേരിക്കൻ മലയാള സാഹിത്യരംഗത്ത് സാഹിത്യ രചനകൾക്ക് ക്ഷാമമൊന്നുമില്ല. കേരള സാഹിത്യ അക്കാഡമി അവാർഡ് കരസ്ഥമാക്കിയ, ടഗോറിന്റെ ഗീതാജ്ഞലി മലയാളത്തിലേക്കും ചങ്ങമ്പുഴയുടെ രമണൻ ഇംഗ്ലീഷിലേക്കും തർജ്ജുമ ചെയ്ത കഴിവുറ്റ എഴുത്തുകാർ അമേരിക്കൻ മലയാളി എഴുത്തുകാരുടെ കൂട്ടത്തിലുണ്ട്. എഴുത്തുകാർ തങ്ങളുടെ രചനകളിൽ സംതൃപ്തരാണെങ്കിലും ആ സംതൃപ്തി പരിപൂർണ്ണതയിൽ എത്തുന്നത് വായനക്കാരിൽ നിന്ന് അംഗീകാരം ലഭിക്കുമ്പോഴാണ്. വായനക്കാരുടെ സ്പർശമേൽക്കുമ്പോഴാണ് ഒരു കൃതിയുടെ ജീവൻ തുടിച്ച് അതിന് അസ്ഥിത്വമുണ്ടാകുന്നത്. അതിനുള്ള സാഹചര്യം ഒരുക്കേണ്ടത് മാദ്ധ്യമങ്ങളാണ്. മാദ്ധ്യമങ്ങളുടെ സഹായമില്ലെങ്കിൽ ഉപഭോക്താക്കളില്ലാത്ത ഉൽപ്പന്നങ്ങൾ പോലെ എഴുത്തുകാരുടെ രചനകൾ ആസ്വദിക്കപ്പെടാതെ നിർജ്ജീവമായിപ്പോകും. ഒരെഴുത്തുകാരനെ വളർത്താനും തളർത്താനും മാദ്ധ്യമങ്ങൾക്ക് സാധിക്കുമെന്നതുകൊണ്ട് സാഹിത്യരംഗത്ത് നിർണ്ണായകമായ ഒരു സ്ഥാനമാണ് മാദ്ധ്യമങ്ങൾക്കുള്ളത്.

ഇവിടത്തെ പല അച്ചടിമാദ്ധ്യമങ്ങളും അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിനേക്കാൾ കൂടുതൽ താൽപര്യം കാണിക്കുന്നത് നാട്ടിലെ എഴുത്തുകാരുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിലാണ്. അതുകൊണ്ട് അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകൾ വായനക്കാരുടെ കയ്യിൽ എത്താനോ അവരുടെ കഴിവ് വായനക്കാർക്ക് വിലയിരുത്താനോ ഉള്ള അവസരം പരിമിതമായിത്തീരുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകൾക്ക് നിലവാരം കുറവായതുകൊണ്ടാണോ ഇങ്ങനെ ഒരവസ്ഥയുണ്ടാകുന്നത്. എഴുതിത്തരുന്നതെന്തും പ്രസിദ്ധീകരിക്കുന്നത് പത്രധർമ്മമല്ലെന്ന് ന്യായീകരിക്കാം. പക്ഷെ, രചനയുടെ നിഷ്പക്ഷമായ മൂല്യനിർണ്ണയത്തിന് വായനക്കാർക്കും നിരൂപകന്മാർക്കും കൂടി അവസരം ലഭിക്കട്ടെ എന്ന തീരുമാനത്തിൽ മാദ്ധ്യമങ്ങൾ എത്തിയാൽ ഇവിടത്തെ പല എഴുത്തുകാരും വെളിച്ചം കണ്ടെന്ന് വരും. നിരൂപണം ഒരു കലയാണ്. ആ കല കൈകാര്യം ചെയ്യുന്നവർ അതിനോട് ആത്മാർത്ഥതയും നീതിയും പുലർത്തണം. പക്ഷപാതികളായ നിരൂപകപകരുടെ സർട്ടിഫിക്കറ്റ് നേടുകയും പുറം വാതിലിലൂടെ പ്രവേശിച്ച് അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്യുന്ന ഈ കാലത്ത് പല നല്ല എഴുത്തുകാരും പുറം തള്ളപ്പെടുന്നു. സാഹിത്യ രംഗത്ത് പേരും പെരുമയുമുള്ള ഒരാൾ ഒരെഴുത്തുകാരന്റെ രചനയെ അപഹസിച്ചുകൊണ്ട് അഭിപ്രായപ്രകടനം നടത്തുമ്പോൾ ആ രചന വായിച്ച് നിജസ്ഥിതി മനസ്സിലാക്കാൻ കഴിയാത്തവർ വമ്പനോട് ചേർന്ന് നിന്നെന്നു വരും. പൊതുവെ വായനക്കാർക്ക് പ്രതികരണശീലമില്ലെങ്കിലും എതെങ്കിലും വായനക്കാരൻ വമ്പനാൽ വിമർശിക്കപ്പെട്ട രചനയെപ്പറ്റി അയാളുടെ നിഷ്പക്ഷമായ അഭിപ്രായം മാദ്ധ്യമങ്ങൾക്ക് എഴുതിയാൽ നിരുപണാത്മകമായി ഒരു രചനയെ സമീപിക്കാനുള്ള കഴിവ് പ്രസ്തുത വായനക്കാരനുണ്ടോ എന്ന സംശയം മൂലം അത് പ്രസിദ്ധീകരിക്കാതിരിക്കുന്നത് ഉചിതമല്ല.

നിരുപണത്തിൽ പക്ഷപാതത്തിന്റെ നിറം കലരുമ്പോൾ നിരൂപണം അവഹേളന സാഹിത്യമായി അധഃപതിക്കുമെങ്കിലും അതിനോടകം പല നല്ല എഴുത്തുകാരും ഗളച്ഛേദം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കും. അതുകൊണ്ട് അവരുടെ രചനകൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കാതെ പോകുന്നു. നിരപരാധിയെങ്കിലും ഒരിക്കൽ ചീത്തപ്പേരു വീണാൽ അത് തുടച്ചുമാറ്റാൻ സാധ്യമല്ലാത്തതു പോലെയുള്ള ഒരവസ്ഥയാണ് വിമർശകരാൽ കശക്കിയെറിയപ്പെടുന്ന ഒരെഴുത്തുകാരന്റേത്. മൺമറഞ്ഞു പോയ പ്രശസ്തരായ നിരൂപകരുടെ പക്ഷപാതപരമായ സമീപനത്തെ കുറിച്ച് നമ്മൾ വായിച്ചിട്ടുണ്ടല്ലൊ. ബഷീറിന്റെ "ബാല്യകാലസഖി"യെ ചവിട്ടിയരക്കാൻ ചിലർ ശ്രമിച്ചപ്പോൾ

ബഷീറിൻെറ രക്ഷകനെന്നോണം എം. പി. പോൾ രംഗത്തു വന്നതും നമുക്കറിയാം. എം. പി. പോളിൻെറ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ ബാല്യകാലസഖിയുടെ സ്ഥിതി എന്താകുമായിരുന്നു. അതുകൊണ്ട് വിമർശകർ രചനയോട് നീതി പുലർത്തുന്നുണ്ടോ എന്ന് കണ്ടെത്താനുള്ള ഒരു സംവിധാനം മാദ്ധ്യമങ്ങൾക്കുണ്ടായിരിക്കുന്നത് നല്ലതാണ്. മാദ്ധ്യമങ്ങൾ നടത്തുന്നവരിൽ ചിലർക്ക് നിഷ്പക്ഷമതിയായ നിരൂപകൻെറ മനസ്സുണ്ടെന്നറിയാൻ സാധിച്ചതുകൊണ്ടാണ് ഈ അഭിപ്രായം പ്രകടിപ്പിച്ചത്. സാധരണ വായനക്കാർ നിരൂപകന്മാരിൽ വിശ്വാസമർപ്പി ക്കുന്നത് കൊണ്ട് നിരൂപകർ നിഷ്പക്ഷത പാലിക്കേണ്ടതും മാദ്ധ്യമങ്ങൾ വായനക്കാരുടെ അഭിപ്രായത്തിന് വില കൽപിക്കേണ്ടതും അനിവാര്യമാണ്.

ഇവിടത്തെ ഒരു കവി എഴുതി, സ്വന്തം സഭ + വരിസംഖ്യ = കൃതികൾക്ക് മേന്മ. അത് ശരിയാണെങ്കിൽ അമേരിക്കൻ മലയാള സാഹിത്യം ശോചനീയാവസ്ഥയിലാണ്. പീറ്റർ നീണ്ടൂർ പറഞ്ഞ "മുപ്ര" (പ്രതികരണം, പ്രോത്സാഹനം, പ്രതിഫലം) എഴുത്തുകാരുടെ വളർച്ചക്ക് അനുപേക്ഷണീയമാണ്. ഇതിൻെറ പ്രയോഗികതക്ക് മാദ്ധ്യമങ്ങൾക്ക് നല്ലൊരു പങ്കുണ്ട്. അമേരിക്കൻ മലയാളി എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഓരോ മാസവും ഓരോ വിഭാഗത്തിൽ പെട്ട മികച്ച എഴുത്തുകാരെ തെരഞ്ഞെടുത്ത് മാദ്ധ്യമങ്ങളിലൂടെ വായനക്കാരുടെ മുന്നിൽ അവതരിപ്പിക്കാനുള്ള സംരംഭം വിചാരവേദി തുടങ്ങി വച്ചിട്ടുണ്ട്. ആ ന്യൂസ് പ്രസിദ്ധീകരിക്കാൻ എല്ലാ പത്രക്കാരം തയ്യാറായില്ലെങ്കിൽ എഴുത്തുകാർക്ക് പ്രോത്സാഹനം നൽകുന്ന ഈ സംരംഭം വിജയിക്കുകയില്ല. ഇവിടത്തെ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി മാസത്തിൽ ഒരിക്കൽ ഒരു ചെറിയ കോളം എല്ലാ പത്രക്കാരും സന്മനസ്സോടെ മാറ്റി വച്ച് ഈ സംരംഭത്തോട് സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സാഹിത്യപ്രസ്ഥാനങ്ങളിൽ ചർച്ച ചയ്യപ്പെടുന്ന കൃതികളുടെ റിപ്പോർട്ട് എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിച്ച് കാണുന്നതും എഴുത്തുകാർക്ക് പ്രോത്സാഹനജനകമാണ്. ഇത്രയും പറഞ്ഞതിൽ മാദ്ധ്യമങ്ങൾ എഴുത്തുകാരെ തിരസ്ക്കരിക്കുന്നു എന്ന ധ്വനി ഉള്ളതായി തെറ്റിദ്ധരിക്കരുത്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ രംഗപ്രവേശവും വളർച്ചയും മൂലം എഴുത്തുകാർക്ക് പ്രയോജനമുണ്ടായിട്ടുണ്ട്. വെബ് മലയാളി പോലുള്ള മാദ്ധ്യമങ്ങളിൽ ധാരാളം സാഹിത്യ രചനകൾ പ്രസിദ്ധീകരിച്ചു കാണുന്നു. തന്നെയുമല്ല അവയെ കുറിച്ചുള്ള വായനക്കാരുടെ പ്രതികരണവും പ്രത്യക്ഷപ്പെടുന്നുണ്ട്. രചനകളുടെ ഗുണദോഷങ്ങൾ എടുത്തു കാണിച്ചു കൊണ്ടുള്ള പ്രതികരണങ്ങളായിരിക്കും എഴുത്തുകാർക്ക് പ്രയോജനപ്പെടുക. അഭിപ്രായങ്ങൾ എഴുതുന്നവർ ആരായാലും ഉപയോഗിക്കുന്ന ഭാഷക്ക് സഭ്യതയുണ്ടായിരിക്കണം. അഭിപ്രായം രചനയെ കേന്ദ്രീകരിച്ചുകൊണ്ടായി രിക്കണം, വ്യക്തിപരമായ പരാമർശങ്ങളിലൂടെ എഴുത്തുകാരനെ ഇടിച്ചു താഴ്ത്തുന്ന വിധത്തിലാകരുത്. സഭ്യതയുടെ സീമ കടക്കുന്ന അഭിപ്രായപ്രകടനം സെൻസർ ചെയ്യാൻ എഡിറ്റർ ശ്രദ്ധിക്കേണ്ടതാണ്.

വാർത്താപ്രാധാന്യമുള്ള മാദ്ധ്യമങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്ന പ്രസിദ്ധീകരണമാണ് പത്രമാസികകൾ. ചില പ്പോൾ എഴുത്തുകാരെ ആശ്രയിക്കേണ്ട ഒരു സാഹചര്യമാണ് സാഹിത്യ രചനകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രസിദ്ധീകരിക്കുന്ന പത്രമാസികൾക്കുള്ളത്. വിപണിയിലേക്കിറക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിയണമെങ്കിൽ നല്ല ഗുണ മേന്മ ഉണ്ടായിരിക്കണമെന്ന് പറയുന്നതുപോലെ പത്രമാസികകൾ വിറ്റഴിയണമെങ്കിൽ അവയിൽ വായനക്കാർക്ക് തൃപ്തികരമാകുന്ന വിധത്തിലുള്ള സാഹിത്യരചനകൾ ഉൾപ്പെടുത്തിയിരിക്കണം. അതുകൊണ്ട് അങ്ങനെയുള്ള മാദ്ധ്യമങ്ങൾ സാഹിത്യരചനകൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നു. സദ്യ കേമമാക ണമെങ്കിൽ വിഭവസമൃദ്ധവും രുചികരവുമായിരിക്കണമല്ലൊ. അതുകൊണ്ട് പത്രമാസികകൾ പ്രതിഫലം നൽകി എഴുത്തുകാരിൽ നിന്ന് രചനകൾ സ്വീകരിക്കാൻ തയ്യാറാകുന്നു. എഴുത്തുകാരനും മാദ്ധ്യമവും പരസ്പരം ആശ്രയിക്കുന്ന ഒരവസ്ഥ. അമേരിക്കൻ മലയാളി എഴുത്തുകാർ ഇതൊരു വെല്ലുവിളിയായെടുത്ത് അവരുടെ അക്ഷരങ്ങൾക്ക് വില നൽകാൻ മാദ്ധ്യമങ്ങൾ നിർബന്ധിതമാകുന്ന സാഹചര്യം സൃഷ്ടിച്ചെടുക്കണം.

പുസ്തക പ്രസിദ്ധീകരണ രംഗത്ത് പ്രസാധകർക്ക് അമേരിക്കൻ മലയാളി എഴുത്തുകാരോട് ഒരു പ്രത്യേക നയമാണ്. അമേരിക്കൻ മലയാളി എഴുത്തുകാർക്ക് പുസ്തക പ്രസിദ്ധീകരണത്തിനുള്ള യോഗ്യതയില്ല എന്ന മട്ടിലാണ് അവരുടെ സമീപനം. അമേരിക്കൻ മലയാളി എഴുത്തുകാർക്ക് ജനപ്രീതിയില്ലെന്നാണ് അവർ

ഉന്നയിക്കുന്ന ന്യായം. നാട്ടിൽ ജനപ്രീതി ലഭിക്കണമെങ്കിൽ അവിടത്തെ മാദ്ധ്യമങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അവർ ചിറ്റമ്മ നയം സ്വീകരിച്ചാൽ അത് അമേരിക്കൻ മലയാളി എഴുത്തുകാർക്ക് പ്രശ്നമാണ്. പ്രസിദ്ധീകരണ ച്ചിലവ് എഴുത്തുകാരൻ വഹിക്കുന്ന പക്ഷം പുസ്തകത്തിന്റെ വിതരണച്ചുമതല പ്രസാധകർ ഏറ്റെടുക്കാൻ തയ്യാറാകുന്നുണ്ട്. മാദ്ധ്യമങ്ങൾക്കിവിടെ ഒരു കച്ചവടക്കണ്ണുണ്ടെങ്കിലും തങ്ങളുടെ പുസ്തകം മാദ്ധ്യമങ്ങൾ വായന നക്കാരുടെ കയ്യിൽ എത്തിക്കുന്നു എന്ന് എഴുത്തുകാർക്ക് സമാധാനിക്കാം.

രചനകൾ വായനക്കാരിൽ എത്തുന്നത് മാദ്ധ്യമങ്ങളിലൂടെ ആയതിനാൽ മാദ്ധ്യമങ്ങളുടെ പിന്തുണയില്ലാതെ ഒരെഴുത്തുകാരന്  നിലനിൽപ്പില്ല. രചനകൾ ജീവിക്കുന്നത് വായനക്കാരിലൂടെയാണ്. അതുകൊണ്ട് വായനക്കാരും മാദ്ധ്യമങ്ങളെ പോലെ തന്നെ പ്രാധാന്യമുള്ള ഘടകമാണ്. എഴുത്തുകാരന്റെ സർഗ്ഗശക്തി ഉണരുമ്പോൾ സാഹിത്യ സൃഷ്ടിയുണ്ടാകുന്നു. അമേരിക്കൻ മലയാളി എഴുത്തുകാർ സ്വന്തം ആശയങ്ങൾ ആത്മാർത്ഥത യോടും സത്യസന്ധതയോടും കൂടി ജനങ്ങളിലേക്ക് സംക്രമിപ്പിച്ച് സാമുഹ്യനന്മയെ മുൻ നിർത്തി സാഹിത്യ രചനയിൽ ശ്രദ്ധിക്കുക. ആരെങ്കിലും മൂല്യനിർണ്ണയം നടത്തുമ്പോൾ അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകൾ മുൻ നിരയിൽത്തന്നെ നിൽക്കട്ടെ.